ഷാജി ജേക്കബ്




# 'മലയാളത്തിന്റെ മൈക്കൾ ഹാർട്ട്'

**പുരാരേഖകളുടെയും ദുർലഭമായ ഗ്രന്ഥങ്ങളുടെയും ഡിജിറ്റൈസേഷൻ, അതുവഴി ഇതാദ്യമായി പൊതുസഞ്ചയത്തിലെത്തുന്ന കൊളോണിയൽ ചരിത്രത്തിന്റെ സ്രോതസുകൾ, അവ സൃഷ്ടിക്കാ വുന്ന മൗലിക ഗവേഷണത്തിന്റെ അക്കാദമിക സാധ്യതകൾ, മലയാളത്തിന്റെ സാർഥകവും മൂർത്തവുമായ ഒരു ആർക്കൈവ് നിർമിതി, യൂണിക്കോഡ് ടെക്സ്റ്റുകളിലൂടെ സാക്ഷാത്കരിക്കേണ്ട മലയാളത്തിന്റെ സ്വന്തം 'പ്രൊജക്ട് ഗുട്ടൻബർഗ്...' ഷിജു അലക്സിന്റെ കർമങ്ങൾക്കും സ്വപ്നങ്ങൾക്കും സാംസ്കാരിക കേരളം പിന്തുണ നൽകേണ്ടതെന്തുകൊണ്ട്?**


കേരളീയ നവോത്ഥാനത്തിന്റെ തുടക്കം, 1813-ൽ കോട്ടയത്തു തുടക്കമിട്ട 'അച്ചുകൂടപ്രതിഷ്ഠ'യിലാണ്. 1813–'15 കാലത്ത് ബെഞ്ചമിൻ ബെയ്‌ലിയും സി.എം.എസ്. മിഷനറിമാരും സമാരംഭിച്ച സി.എം.എസ്. പ്രസ്, (കോട്ടയം) കോളജ്, ആധുനികപാഠ്യപദ്ധതി, വിവർത്തനപ്രക്രിയ തുടങ്ങിയവ സൃഷ്ടിച്ച സാംസ്കാരിക വിപ്ലവമാണ് കേരളത്തിന്റെ നവോത്ഥാനവും മലയാളത്തിന്റെ ആധുനികീകരണവും സാധ്യമാക്കിയത്. ഇനിയും എഴുതപ്പെടാത്ത ഈ ചരിത്രം രണ്ടു നൂറ്റാണ്ടു പിന്നിടുമ്പോൾ നാളിതുവരെ കേരളത്തിന്റെയും മലയാളത്തിന്റെയും അച്ചടിരേഖകൾ പ്രൊജക്ട് ഗുട്ടൻബർഗിലേക്കു കൊണ്ടുചെന്നെത്തിച്ച് അവയ്ക്കും അതിലൂടെ ആധുനിക കേരളത്തിന്റെ സംസ്കാരരൂപീകരണപ്രക്രിയയ്ക്കും ജനാധിപത്യപരമായ ഒരു ചരിത്രജീവിതം നിർമിച്ചുനൽകാനുള്ള ശ്രമത്തിലാണ് ഷിജു അലക്സ്. 'കേരളവും മലയാളവുമായി ബന്ധപ്പെട്ട പൊതുസഞ്ചയരേഖകളുടെ ഡിജിറ്റൈസേഷൻ' തന്റെ ജീവിതദൗത്യമായി ഏറ്റെടുത്തിരിക്കുന്ന ഷിജുവിന്റെ ശ്രമങ്ങൾ യഥാർഥത്തിൽ നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും സർവകലാശാലകളും ഗവേഷണമണ്ഡലവും എത്രപണ്ടേ ഏറ്റെടുക്കേണ്ട ഒരു ചുമതലയും കടമയും ഉത്തരവാദിത്തവുമായിരുന്നു! മലയാളത്തിന്റെ ഭാവിക്കുവേണ്ടി കേരളത്തിന്റെ ഭൂതത്തിൽ നിധിതേടിപ്പോകുന്ന ഈ ശാസ്ത്രഗവേഷകന്റെ അക്ഷീണപ്രയത്നങ്ങൾ നാം ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. മലയാളഗവേഷണത്തെ ചരിത്രപരവും രീതിശാസ്ത്രപരവുമായി പുനർനിർവചിക്കാനും പ്രൊജക്ട് ഗുട്ടൻബർഗ് മലയാളത്തിൽ സാക്ഷാത്കരിക്കാനും ഷിജു തുടക്കമിട്ട ഈ ഡിജിറ്റൈസേഷൻ പദ്ധതിക്കു കഴിയുമോ? ഒരന്വേഷണം.

'For out of the abundance of the heart, the words flow' എന്നാണ് ഷിജു അലക്സ് തന്റെ ബ്ലോഗിനു നൽകിയിരിക്കുന്ന വിശേഷണം. ബൈബിളിലെ സുവിശേഷ വാക്യങ്ങളിലൊന്ന് (മാത്യു, 12: 34). പതിനഞ്ചാം നൂറ്റാണ്ടിൽ ജോഹന്നാസ് ഗു



ഷിജു അലക്സ്

ട്ടൻബർഗ് സൃഷ്ടിച്ച സാംസ്കാരികവിപ്ലവത്തിന്റെ നീക്കിയിരിപ്പായാണ് 'ഹൃദയത്തിന്റെ നിറവിൽനിന്നുള്ള വാക്കുകളുടെ ഈ ഒഴുക്ക്' മനുഷ്യർ യഥാർഥത്തിൽ അനുഭവിക്കുന്നത്. കടലാസിലും അച്ചടിയിലും ഗുട്ടൻബർഗ് തുടക്കമിട്ട സാങ്കേതികമുന്നേറ്റത്തിന്റെ മറ്റൊരു വിളിപ്പേരാണല്ലോ ആധുനികത എന്നതുതന്നെ. കൊളോണിയൽ അധിനിവേശത്തിന്റെയും വ്യവസായ മുതലാളിത്തത്തിന്റെയും കാലമെന്നപോലെ, അക്ഷരത്തിന്റെയും അറിവിന്റെയും കേന്ദ്രീകരണവും ജനാധിപത്യവൽക്കരണവും ഒരേസമയംതന്നെ നടന്ന അഞ്ചു നൂറ്റാണ്ടുകൾ. ഒരു വൈരുധ്യമെന്നപോലെ, ആധുനികതയുടെ അക്ഷരസമവാക്യങ്ങളെ അച്ചടിയിലും കടലാസിലുംനിന്നു മുക്തമാക്കി ഭാവിയുടെ സാക്ഷരപാഠമാതൃകകൾക്കു രൂപം നൽകാൻ 1971നു മൈക്കൾ ഹാർട്ട് തുടക്കമിട്ട ഡിജിറ്റൈസേഷൻ പദ്ധതിയുടെ പേരും 'പ്രൊജക്ട് ഗുട്ടൻബർഗ്' എന്നു തന്നെയായിരുന്നു. കടലാസിൽനിന്ന് ഇ-ബുക്കിലേക്കുള്ള അക്ഷരത്തിന്റെ സാങ്കേതിക/മാധ്യമ/രൂപപരിണാമം മാത്രമല്ല ഡിജിറ്റൈസേഷൻ. അതൊരു സാംസ്കാരികവിപ്ലവത്തിന്റെ പേരാണ്. അക്ഷരത്തിന്റെയും അക്ഷരത്തിലൂടെ (നിശ്ചയമായും അക്കങ്ങളിലും ചിഹ്നങ്ങളിലും കൂടിയും) ആവിഷ്കൃതമാകുന്ന അറിവനുഭവങ്ങളുടെയും കൂടുതൽ ജനാധിപത്യപരമായ വിതരണക്രമത്തിന്റെയും ആഗോളപൊതുസഞ്ചയത്തിലേക്കുള്ള ചുവടുവയ്പ്. നവോത്ഥാനത്തിന്റെയും ജ്ഞാനോദയത്തിന്റെയും നവീകരണത്തിന്റെയും കൊടുങ്കാറ്റുകൾക്കു വിത്തുവിതച്ചപ്പോഴും കടലാസിലെ അച്ചടി ഒരുഭാഗത്തു സൃഷ്ടിച്ചത് രാഷ്ട്രീയ, സാംസ്കാരികാധിനിവേശങ്ങളായിരുന്നു. ഇ-ബുക്കുകളാകട്ടെ, രാഷ്ട്രീയമെന്നപോലെ സാംസ്കാരികവുമായ വിമോചനങ്ങളുടെ മണ്ഡലമാണു തുറന്നിടുന്നത്. അഥവാ ആധുനികതയുടെ അധിനിവേശിത സാംസ്കാരിക സ്ഥാപനങ്ങൾക്കും വ്യവസ്ഥകൾക്കും സാങ്കേതികതകൾക്കും ബോധങ്ങൾക്കും മേൽവീണ മാന്ത്രികപ്പൂട്ടാണ് ഡിജിറ്റൈസേഷൻ. മൈക്കൾ ഹാർട്ട്, ആധുനികാനന്തരതയുടെ ഗുട്ടൻബർഗാകുന്നത് ഈയർഥത്തിലാണ്; ഷിജു അലക്സ് മലയാളത്തിന്റെ മൈക്കൾ ഹാർട്ടാകുന്നതും.




## അനന്തം, അജ്ഞാതം, അവർണനീയം

പ്രൊജക്ട് ഗുട്ടൻബർഗിനെക്കാൾ അഞ്ചുവയസ്സ് ഇളയതാണ് ഷിജു അലക്സ്. പാലക്കാട് കരിമ്പയിൽ ജനിച്ച കുടിയേറ്റ ക്രിസ്ത്യാനി, ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽനിന്ന് ഫിസിക്സിൽ ബിരുദാനന്തര ബിരുദം നേടി പൂനയിലും ഡൽഹിയിലും ചില സ്ഥാപനങ്ങളിൽ ജോലിചെയ്തശേഷം സ്വിസ്-സ്വീഡിഷ് കമ്പനിയായ എ.ബി.ബി.യിൽ ടെക്നിക്കൽ റൈറ്ററായി ചേർന്നത് 2009ലാണ്. മുൻപുതന്നെ ഭാഷയോടും സാഹിത്യത്തോടുമുണ്ടായിരുന്ന ആഭിമുഖ്യവും സാങ്കേതിക സംസ്കാരഭാഷയിൽ സൃഷ്ടിക്കുന്ന മാറ്റങ്ങളെക്കുറിച്ചുള്ള ധാരണകളും ഷിജുവിനെ സൈബർ സാഹിത്യമണ്ഡലത്തിൽ സജീവമാകാൻ സഹായിച്ചു. 2006 മുതൽ മലയാളം കംപ്യൂട്ടിങ്, മലയാളം വിക്കിപ്പീഡിയ പദ്ധതികൾ എന്നിവയിൽ ഷിജു സജീവമായി. ഇതിനിടെ അങ്ങേയറ്റം ശ്രദ്ധേയമായ ഒരു ജ്യോതിശ്ശാസ്ത്രപംക്തി സ്വന്തം ബ്ലോഗിൽ ആരംഭിച്ചു. അനന്തം, അജ്ഞാതം, അവർണനീയം. 2009 വരെ ഇതു തുടർന്നു. 2010 മുതൽ മലയാളം വിക്കിപ്രവർത്തനങ്ങളിൽനിന്ന് മാറി സ്വന്തമായ ഒരു ഡിജിറ്റൈസേഷൻപദ്ധതിക്കു തുടക്കമിടുന്നു, ഷിജു. 'കേരളവും മലയാളവുമായി ബന്ധപ്പെട്ട പൊതുസഞ്ചയരേഖകളുടെ ഡിജിറ്റൈസേഷൻ' എന്നാണ് ഷിജു ഇതിനു നൽകിയ നിർവചനം.

കെ.എം. ഗോവി എഴുതിയ 'ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും' എന്ന പുസ്തകത്തിന്റെ വായനയാണ് ഷിജുവിന്റെ ഈ വഴിത്തിരിവിന് ഒരു നിമിത്തം. പഴയ മലയാളപുസ്തകങ്ങളുടെ കാലാനുക്രമപട്ടിക ഗോവി നൽകുന്നുണ്ട്. (ഗോവി കണ്ടെത്താതിരുന്ന ചില ഗ്രന്ഥങ്ങൾ പിന്നീട് ഷിജു കണ്ടെത്തുന്നുമുണ്ട്). കേരളത്തെക്കുറിച്ച് മലയാളഭാ

ഷയിലും മറ്റു ഭാഷകളിലും മുൻപുതന്നെ വിദേശങ്ങളിലും പതിനെട്ടാം നൂറ്റാണ്ടു മുതൽ കേരളത്തിലുമുണ്ടായ രചനകൾ പലതും 'കല്ലിന്മേൽ കല്ലുശേഷിക്കാതെ' കാലയവനികയ്ക്കുള്ളിൽ മറഞ്ഞുവെന്നാണല്ലോ നാം പൊതുവെ കരുതിപ്പോരുന്നത്. ആ സാമാന്യബോധം പങ്കുവയ്ക്കാൻ ഷിജുവിനു മനസ്സുവന്നില്ല. കടലാസിലെ അച്ചടിയുടെ കാലം കഴിഞ്ഞുതുടങ്ങിയെന്നും ഇനിയുള്ള കാലം ഡിജിറ്റൽ മാധ്യമരൂപങ്ങളുടേതാണെന്നും തിരിച്ചറിഞ്ഞ ഷിജുവിന് തന്റെ ലക്ഷ്യങ്ങളെക്കുറിച്ചെന്നപോലെ മാർഗങ്ങളെക്കുറിച്ചും സംശയങ്ങളേതുമുണ്ടായിരുന്നില്ല. ചില ദൃഢനിശ്ചയങ്ങളെടുത്ത് കൃത്യമായ ലക്ഷ്യബോധത്തോടെ ഷിജു കളത്തിലിറങ്ങി. ആ ലക്ഷ്യങ്ങൾ ഷിജു ഇങ്ങനെ സംഗ്രഹിക്കുന്നു: 'കേരളവും മലയാളവുമായി ബന്ധപ്പെട്ട എല്ലാ ഭാഷകളിലും ലിപികളിലും (പ്രധാനമായും മലയാളം, സുറിയാനി, സുറിയാനി-മലയാളം, അറബിമലയാളം, തമിഴ്, ഇംഗ്ലിഷ്, ജർമൻ, ലത്തീൻ, പോർച്ചുഗീസ്.... ഭാഷകൾ) ഉള്ള പൊതുസഞ്ചയരേഖകൾ (അച്ചടിപുസ്തകം, കൈയെഴുത്തുരേഖകൾ, താളിയോല, ചിത്രങ്ങൾ, ഓഡിയോ, വിഡിയോ തുടങ്ങി വിവിധ രൂപത്തിലുള്ളവ) വിവിധ തരത്തിൽ സമ്പാദിച്ച്, ക്രോഡീകരിച്ച് പൊതുവായും സൗജന്യമായും ലഭ്യമാക്കുക എന്നതാണ് പ്രവർത്തനത്തിന്റെ കാതൽ. അതിനായി താഴെപ്പറയുന്ന കാര്യങ്ങളാണ് പ്രധാനമായും ചെയ്യുന്നത്.

1. മുകളിൽപ്പറഞ്ഞ തരത്തിലുള്ള പൊതുസഞ്ചയരേഖകൾ ഇതിനകം ആരെങ്കിലും ഡിജിറ്റൈസ് ചെയ്ത് പൊതുഇടത്തിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അത് ശേഖരിച്ച് ക്രോഡീകരിക്കുക. ഇത്തരത്തിൽ ചെയ്തതിന്റെ ഉദാഹരണങ്ങൾ ബെഞ്ചമിൻ ബെയ്‌ലിയുടെ നിഘണ്ടുക്കൾ, ഗുണ്ടർട്ട് നിഘണ്ടു, ഹോർത്തൂസ് മലബാറിക്കസ്, നൂറുകണക്കിനു മിഷനറിരേഖകൾ തുടങ്ങിയവയാണ്.

2. ഒരു പൊതുസഞ്ചയരേഖ ഇതിനകം ഡിജിറ്റൈസ് ചെയ്തിട്ടില്ലെങ്കിൽ, എനിക്കു നേരിട്ട് അനുമതിയുള്ള സ്ഥലങ്ങളിൽ രേഖകൾ സ്വന്തമായോ സുഹൃത്തുക്കളുടെ സഹായത്തോടെയോ ഡിജിറ്റൈസ് ചെയ്തു പൊതുഇടത്തിൽ ലഭ്യമാക്കുക. ഇത്തരത്തിൽ ചെയ്തതിന്റെ ഉദാഹരണങ്ങൾ ശബ്ദതാരാവലി, സംക്ഷേപവേദാർഥം, റമ്പാൻ ബൈബിൾ തുടങ്ങിയവയാണ്.

3. ഒരു പൊതുസഞ്ചയരേഖ ഇതിനകം ഡിജിറ്റൈസ് ചെയ്തിട്ടില്ലെങ്കിൽ, ആ രേഖ ഇരിക്കുന്ന സ്ഥലം എനിക്കു നേരിട്ടു ഡിജിറ്റൈസ് ചെയ്യാൻ പറ്റുന്നത് അല്ലെങ്കിൽ അത്തരം ഇടങ്ങളിൽ പ്രസ്തുത രേഖകൾ ഡിജിറ്റൈസ് ചെയ്യേണ്ടതിന്റെ പ്രാധാന്യം അതിന്റെ ആളുകളെ പറഞ്ഞു ബോധ്യപ്പെടുത്തി ആ രേഖകൾ അവരെക്കൊണ്ടുതന്നെ ഡിജിറ്റൈസ് ചെയ്ത് പൊതു ഇടത്തിലേക്ക് കൊണ്ടുവരിക. ട്യൂബിങ്ങനിലെ ഗുണ്ടർട്ട് ശേഖരം ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി ഈ ഗണത്തിൽ പെടുത്താം.

4. പൊതുസഞ്ചയരേഖകൾ ഡിജിറ്റൈസ് ചെയ്യേണ്ടതിന്റെ പ്രാധാന്യം വിവിധ സ്ഥാപനങ്ങളെയും ആളുകളെയും ബോധ്യപ്പെടുത്തുക.

5. ഈ വിഷയത്തിൽ താൽപര്യമുള്ള ആളുകളെ കൂട്ടിയോജിപ്പിക്കുക.

ഈ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പ്രവർത്തനത്തിന് ഷിജുവിനെ പ്രേരിപ്പിച്ച കാരണങ്ങളെന്തൊക്കെയായിരുന്നു? മൂന്നു കാരണങ്ങൾകൊണ്ടാണ് ഈ വിഷയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഷിജു തയാറായത്.


> **യഥാർഥമായി ഗവേഷണത്തിൽ താൽപര്യമുള്ളവർക്കുപോലും പ്രൈമറി സോഴ്സിലേക്കുള്ള പ്രവേശനം വലിയ കടമ്പയാണ്. യഥാർഥ ഗവേഷണം നടത്തുന്നവർക്കുപോലും പ്രൈമറി സോഴ്സിലേക്ക് ആക്സെസ് കിട്ടാൻ ശുപാർശയും മറ്റും ആവശ്യമായി വരുന്നു. ഇതിനായി പലരും വിദേശ സർവകലാശാലകൾ കയറിയിറങ്ങുന്നുണ്ടെങ്കിലും ഫലം തുച്ഛമാണ്.**

## പൊതുസഞ്ചയരേഖകൾ

1. 'കേരളവും/മലയാളവുമായി ബന്ധപ്പെട്ട പൊതുസഞ്ചയരേഖകൾ പരിശോധിക്കാനുള്ള അനുമതി മിക്ക ഗവേഷകർക്കും കിട്ടാക്കനിയാണ്. (ചന്ദ്രക്കലയുടെ പരിണാമവുമായി ബന്ധപ്പെട്ട ഗവേഷണത്തിനിടയ്ക്ക് ഞാനീ വിഷമം നേരിട്ടനുഭവിച്ചതാണ്). യഥാർഥമായി ഗവേഷണത്തിൽ താൽപര്യമുള്ളവർക്കുപോലും പ്രൈമറി സോഴ്സിലേക്കുള്ള പ്രവേശനം വലിയ കടമ്പയാണ്. പ്രൈമറിസോഴ്സിലേക്ക് ആക്സെസ് കിട്ടാൻ ശുപാർശയും മറ്റും ആവശ്യമായി വരുന്നു. ഇതിനായി പലരും വിദേശ സർവകലാശാലകൾ കയറിയിറങ്ങുന്നുണ്ടെങ്കിലും ഫലം തുച്ഛമാണ്. എന്നാൽ കേരളത്തിൽത്തന്നെയുള്ള രേഖകൾ ശേഖരിച്ച് ക്രോഡീകരിക്കാൻ ആരും ശ്രമിക്കുന്നുമില്ല. ഇത്തരം പ്രൈമറി സോഴ്സസ് ശേഖരിച്ച് ക്രോഡീകരിക്കാൻ ആരും ശ്രമിക്കാത്തതുമൂലം കേരളവും/മലയാളവുമായി ബന്ധപ്പെട്ട ഗവേഷണമേഖല ദിശതെറ്റിയ അവസ്ഥയിലാണ്. കേരളവും മലയാളവുമായി ബന്ധപ്പെട്ട പൊതുസഞ്ചയരേഖകൾ ഏതു സമയത്തും ലഭ്യമാണ് എന്ന അവസ്ഥ വന്നാൽ ഇതുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ പടർന്നുപന്തലിക്കും എന്നാണ് എന്റെ അനുമാനം. അതിനായി ഞാൻ എന്നെക്കൊണ്ട് പറ്റുന്ന വിധത്തിൽ സഹായിക്കുന്നു. ഇതാണ് പൊതുസഞ്ചയരേഖകൾ ശേഖരിച്ച് ക്രോഡീകരിക്കാനുള്ളൊരു പ്രധാന കാരണം.

2. കേരളത്തെ/മലയാളത്തെ മൊത്തമായിക്കണ്ട് എല്ലാവിധ പൊതുസഞ്ചയരേഖകളെയും ഒരേപോലെ കണ്ടു ഡിജിറ്റൈസ് ചെയ്യുന്ന പരിപാടികളൊന്നും തന്നെ ഇപ്പോഴില്ല. അതിനാൽ മിക്ക രണ്ടാം നിര, മൂന്നാം നിര രേഖകൾ (അല്ലെങ്കിലും നിരയിലൊന്നും പെടാത്ത രേഖകൾ) മിക്കതും തമസ്കരിക്കപ്പെടുന്നു. 'അതുമൂലം അതൊക്കെ എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോകാൻ ഇടയാകുന്നു. ഇതിൽനിന്നു വ്യത്യസ്തമായി കേരളവും/മലയാളവുമായി എല്ലാവിധ രേഖകളും (അച്ചടിപുസ്തകങ്ങൾ, കയ്യെഴുത്തുരേഖകൾ, താളിയോലകൾ, നോട്ടീസുകൾ, വിവിധ ചെറു ചെറു രേഖകൾ തുടങ്ങിയവയെല്ലാംതന്നെ) ഡിജിറ്റൈസ് ചെയ്യപ്പെടുകയും അത് പൊതുമണ്ഡലത്തിലേക്കു വരികയും വേണം. ഇതാണ് വേറൊരു പ്രധാന കാരണം.

3. വിവിധ സർക്കാർ സ്ഥാപനങ്ങൾ ഡിജിറ്റൈസേഷൻ പരിപാടികൾ നടത്തുന്നുണ്ടെങ്കിലും അവർ ചെയ്യുന്നതൊന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നില്ല. അപൂർവമായി ചില സർക്കാർ സ്ഥാപനങ്ങൾ ഡിജിറ്റൈസ് ചെയ്ത രേഖകൾ തുറന്നുകൊടുത്തിട്ടുണ്ടെങ്കിലും അതു ജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിലല്ല. ഉദാഹരണത്തിന്, വെറുതെ ഫോട്ടോയെടുത്ത് അപ്‌ലോഡ് ചെയ്യുന്നതുമൂലമുള്ള അപാരമായ ഫയൽ സൈസ്, പേജുകളുടെ ഫോട്ടോകളിലുള്ള ഗുണനിലവാരപ്രശ്നം, യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ വെറുതെ കടമ തീർക്കുന്ന വിധത്തിലുള്ള ഡിജിറ്റൈസേഷൻ, ടെക്നിക്കൽ അറിവില്ലാത്തയാളുകൾക്ക് ഉപയോഗിക്കാൻ യുക്തമല്ലാത്ത വിധത്തിൽ ഡിജിറ്റൽ ലൈബ്രറി ഓഫ് ഇന്ത്യയും മറ്റും പങ്കുവയ്ക്കുന്ന വി




ചിത്രമായ ഫയൽ ഫോർമാറ്റുകൾ തുടങ്ങി ജനങ്ങളെ പരമാവധി കഷ്ടപ്പെടുത്തുന്ന വിധത്തിലുള്ള പരിഹാരങ്ങളാണ് നിലവിൽ നമ്മുടെ സർക്കാർ സ്ഥാപനങ്ങളുടേത്. ഈ സംവിധാനങ്ങളൊക്കെ നിർമിക്കുന്നത് പൊതുപണം ഉപയോഗിച്ചാണ് എന്നതോർക്കുമ്പോൾ ഇത് ഖേദകരവുമാണ്. ഇതിൽനിന്നു വ്യത്യസ്തമായി പൊതുസഞ്ചയരേഖകളുടെ ഉപയോഗക്ഷമത വർധിപ്പിക്കാൻ എന്നെക്കൊണ്ടാവുന്ന വിധത്തിൽ സഹായിക്കുക എന്നതാണ് മറ്റൊരു പ്രധാന കാരണം.'

## രേഖകളുടെ രഹസ്യാത്മകത

തന്റെ സൈബർമണ്ഡലത്തിലെ ഇടപെടൽ ഒരു ദശകവും ഡിജിറ്റൈസേഷൻ ദൗത്യം അഞ്ചു വർഷവും പിന്നിടുമ്പോൾ ഷിജുവിന്റെ പ്രവർത്തനങ്ങൾ എവിടെയെത്തിനിൽക്കുന്നു? നാളിതുവരെ പൊതുസമൂഹത്തിലെത്താത്ത നൂറുകണക്കിനു മിഷനറിരേഖകൾ, ലേഖനങ്ങൾ തുടങ്ങിയവ കേരളത്തിലും ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലും ഇന്ത്യക്കു വെളിയിലും നിന്നു കണ്ടെത്തി അവ ഡിജിറ്റൈസ് ചെയ്ത് തന്റെ ബ്ലോഗിൽ ചേർത്ത് ആർക്കും പ്രാപ്യമാക്കിക്കഴിഞ്ഞു, ഷിജു. എന്നുമാത്രമല്ല, തന്റെ ലക്ഷ്യങ്ങളായി അദ്ദേഹം ചൂണ്ടിക്കാണിച്ച അഞ്ചു തലങ്ങളിലും ഗണ്യമായ മുന്നേറ്റം നടത്താനും ഷിജുവിനു കഴിഞ്ഞിട്ടുണ്ട്. എന്താണ് ഈ അക്ഷീണപ്രയത്നത്തിന്റെ അക്കാദമിക പ്രാധാന്യം? മതസ്ഥാപനങ്ങളിലും കലാലയങ്ങളിലും പൊതുഗ്രന്ഥാലയങ്ങളിലും ആർക്കൈവുകളിലും സ്വകാര്യശേഖരങ്ങളിലുമായി സമാഹരിക്കപ്പെട്ടിട്ടുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള ആയിരക്കണക്കായ ചരിത്രരേഖകൾ ചിതലരിച്ചും പൊടിഞ്ഞും നശിക്കാതെ ഭാവിക്കുവേണ്ടി സംരക്ഷിക്കാൻ മലയാളത്തിൽ ഇന്നോളമുണ്ടായ ഏറ്റവും മികച്ച ശ്രമമാണ് ഷിജുവിന്റേത്. രണ്ടു വലിയ തകരാറുകളാണ് ഈ രംഗത്തു നിലനിൽക്കുന്നത്. ഒന്ന്, പൊതുശേഖരങ്ങളാകട്ടെ, സ്വകാര്യശേഖരങ്ങളാകട്ടെ, പ്രാക്തനവും ദുർലഭവുമായ ഏതു രേഖയും മൂടിവയ്ക്കാനും മറ്റുള്ളവരിൽനിന്നു മറച്ചുവയ്ക്കാനുമാണ് ഇന്ത്യക്കാർ ശീലിച്ചിട്ടുള്ളത്. രണ്ട്, ഡിജിറ്റൽ സാങ്കേതികതയുൾപ്പെടെയുള്ളവ ഉപയോഗിച്ച് ഇവ രൂപമാറ്റം വരുത്തുന്ന സ്ഥാപനങ്ങളും വ്യക്തികളുമാകട്ടെ, പഴയ അതേ രഹസ്യാത്മകത സൂക്ഷിക്കാൻ മാത്രമല്ല, ഏറ്റവും സങ്കീർണമായ സാങ്കേതിക വിദ്യകളുപയോഗിച്ച് ഡിജിറ്റൽ രൂപത്തെപ്പോലും പൊതുസമൂഹത്തിൽനിന്നകറ്റിനിർത്താനാണ് ശ്രമിക്കുന്നത്.

കേരള സാഹിത്യ അക്കാദമി മാത്രമാണ് കുറെയെങ്കിലും യാഥാർഥ്യബോധത്തോടെയും ഉപഭോക്തൃ സൗഹൃദത്തോടെയും ഈ രംഗത്തിടപെട്ടിട്ടുള്ളതെന്നും തിരുവനന്തപുരം പബ്ലിക് ലൈബ്രറിയുൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ഡിജിറ്റൈസേഷൻ പദ്ധതി തീർത്തും നിരാശാജനകമാണെന്നും ഷിജു

ചൂണ്ടിക്കാണിക്കുന്നു. 1500-ൽ അച്ചടിച്ച, ഇംഗ്ലണ്ടിൽനിന്നിറക്കുമതി ചെയ്ത ഗ്രന്ഥങ്ങളുൾപ്പെടെയുള്ള വിരളപുസ്തകങ്ങളുടെ വിഭാഗം ഡിജിറ്റൈസ് ചെയ്തിട്ടുപോലും പൊതുജനങ്ങൾക്കു പ്രാപ്യമാകുന്നില്ല എന്നതാണ് അവസ്ഥ. പൊതുസമൂഹത്തിന്റെ സ്വത്തായ മ്യൂസിയങ്ങളും ആർക്കൈവുകളും ലൈബ്രറികളും കലാലയങ്ങളുമൊക്കെ അറിവിനെ പരമാവധി ഗൂഢവൽക്കരിച്ചും ജനങ്ങളിൽ നിന്നകറ്റിയും ദന്തഗോപുരത്തിൽ നിലനിർത്താൻ ശ്രമിക്കുന്ന ഈ ഫ്യൂഡൽ യുക്തിക്കെതിരെയാണ് ഷിജുവിന്റെ പോരാട്ടം (സ്വകാര്യസ്വത്തുക്കളായ മതസ്ഥാപനങ്ങളാണ് ഇക്കാര്യങ്ങളിൽ കുറെക്കൂടി അഭിഗമ്യം എന്നതാണ് യാഥാർഥ്യം). അറിവിനെ ജനാധിപത്യവൽക്കരിക്കുക, അതുവഴി ചരിത്രത്തെയും സംസ്കാരത്തെയും പുനർനിർവചിക്കുന്ന ഒരു വൈജ്ഞാനികാന്തരീക്ഷം മലയാളത്തിൽ സൃഷ്ടിച്ചെടുക്കുക - മറ്റൊന്നുമല്ല ഷിജുവിന്റെ താൽപര്യം. അതുകൊണ്ടുതന്നെ തന്റെ പ്രവർത്തനങ്ങളുടെ ഏറ്റവും ക്രിയാത്മകവും സർഗാത്മകവുമായ ഫലമായി ഈ യുവാവ് ലക്ഷ്യമിടുന്നത് ഈ രംഗത്ത് സാർഥകമായ ഗവേഷണപദ്ധതികളൊരുക്കുക എന്നതാണ്. പ്രാഥമികസ്രോതസുകൾ കണ്ടെത്തി ഗവേഷണം നടത്താൻ നമ്മുടെ യുവാക്കളെ പ്രേരിപ്പിക്കുന്നതിൽ അക്കാദമിക സ്ഥാപനങ്ങളേറ്റെടുക്കേണ്ട ഉത്തരവാദിത്തമാണ് ഷിജു നിറവേറ്റിക്കൊണ്ടിരിക്കുന്നത്. നിലവിൽ പഴയ മുദ്രണസാമഗ്രികളുടെ കണ്ടെത്തലും വായനയും ഡിജിറ്റൈസേഷനും കൊണ്ടു തൃപ്തിപ്പെടേണ്ടിവരുന്ന ഷിജുവിന്റെ ഭാവിപദ്ധതി മലയാളത്തിൽ സാക്ഷാത്കരിക്കേണ്ട ഒരു പ്രൊജക്ട് ഗുട്ടൻബർഗ് തന്നെയാണ്.

### ഭൂതകാലത്തിന്റെ പുനർവായന

അസാധാരണമായ ജ്ഞാനാന്വേഷണത്തിന്റെയും അപൂർവമായ സാങ്കേതിക സമന്വയത്തിന്റെയും വഴികളിൽ ഒറ്റയ്ക്കു സഞ്ചരിക്കുമ്പോഴും നിറഞ്ഞ സംതൃപ്തിയിലാണ് ഷിജു. താൻ കണ്ടെത്തിയതും മറ്റുള്ളവർ കണ്ടെത്തിയതുമായ പുസ്തകങ്ങളും മാസികകളും ഇതര മുദ്രണസാമഗ്രികളും ഡിജിറ്റൈസ് ചെയ്യുമ്പോൾ, അവ നിലവിലുള്ള മലയാളഗവേഷണത്തിന്റെ പുനർക്രമീകരണത്തിനും ഭാവിയുടെ മലയാള മഹാഗ്രന്ഥാലയത്തിനും അടിത്തറയാകും എന്ന കാര്യത്തിൽ ഈ ഗവേഷകന് സംശയമേതുമില്ല. കേരളത്തിന്റെ കൊളോണിയൽ ഭൂതകാലത്തെ പുനർവായിക്കാനുള്ള സയുക്തികമായ രേഖാസഞ്ചയത്തിന്റെ കണ്ടെത്തലും സംരക്ഷണവും ഷിജുവിന്റെ നേട്ടമായി ഭാവിയിൽ സാക്ഷ്യപ്പെടുത്താതെ കഴിയില്ല. ലിപിപരിണാമം, ഭാഷാശാസ്ത്രം, വിവർത്തനം, സർഗാത്മക സാഹിത്യം, ചരിത്രം, ശാസ്ത്ര-വിജ്ഞാനങ്ങൾ, മാധ്യമപ്രവർത്തനം, സാമൂഹ്യവിജ്ഞാനം, ജാതിവ്യവസ്ഥയുടേതുൾപ്പെടെയുള്ള നരവംശശാസ്ത്രം, ഭരണക്രമങ്ങൾ, ഉൽപാദനബന്ധങ്ങൾ, സാമുദായിക വൈവിധ്യങ്ങൾ, സാമൂഹ്യസംഘർഷങ്ങൾ, ക്ഷാമങ്ങൾ, ദുരിതങ്ങൾ, നിയമവ്യവഹാരങ്ങൾ, യാത്രാനുഭവങ്ങൾ, വിദേശബന്ധങ്ങൾ, സാമ്പത്തിക കരാറുകൾ, മതചരിത്രങ്ങൾ, പാഠ്യപദ്ധതികൾ.... കഴിഞ്ഞ മൂന്നു നൂറ്റാണ്ടിന്റെ കേരളചരിത്രം അടിസ്ഥാനപരമായിത്തന്നെ പുതുക്കിയെഴുതാൻ വഴിതുറക്കുന്ന എത്രയെങ്കിലും രേഖകളാണ് ഷിജു പൊതുമണ്ഡലത്തിലെത്തിക്കുന്നത്! കേരളീയ നവോത്ഥാനത്തിന്റെ ചരിത്രമെഴുത്തിൽ അടിയന്തരമായുണ്ടാകേണ്ട പൊളിച്ചെഴുത്താണ് ഇവയിൽ ഏറ്റവും പ്രധാനം. പത്തൊൻപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽപോലും കോട്ടയത്ത് സി.എം.എസ്. പ്രസിൽ നാല് അച്ചുകൂടങ്ങൾ രാപകൽ അച്ചടിയിൽ ഏർപ്പെട്ടിരുന്നുവെന്നും ഇവയിൽ ഒരു ചെറിയ ശതമാനം മാത്രമേ മതഗ്രന്ഥങ്ങളുണ്ടായിരുന്നുള്ളൂ എന്നും ഈ അച്ചടിസാമഗ്രികൾ ഒന്നുംതന്നെ ഇന്നുവരെ കണ്ടുകിട്ടിയിട്ടില്ല എന്നും അറിയുമ്പോഴേ കേരളത്തിന്റെയും മലയാളത്തിന്റെയും വൈജ്ഞാനികദാരിദ്ര്യം എത്ര വലുതാണെന്നു മനസ്സിലാകൂ. മലയാളഭാഷ എഴുത്തിലും അച്ചടിയിലും 'ചന്ദ്രക്കല' ഉപയോഗിക്കുന്നതിനെക്കുറിച്ച് നാളിതുവരെ നിലനിന്ന മുഴുവൻ ധാരണകളും തിരുത്തിയെഴുതിയ ഒന്നാന്തരം ഒരു ഗവേഷണപ്രബന്ധം ഷിജുവും സുനിൽ വി.എസും സിബു സി. ജെയും ചേർന്ന് 2014-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. പഴയ രേഖകൾ കണ്ടതിനിടെ അവിചാരിതമായി തോന്നിയ ചില സംശയങ്ങളിൽനിന്നു വളർന്നുണ്ടായതായിരുന്നു, ആ പ്രബന്ധം. 'കഴിഞ്ഞ രണ്ടോ മൂന്നോ പതിറ്റാണ്ടുകളിൽ മലയാളത്തിലുണ്ടായ മിക്കവാറും ഡോക്ടറൽ തീസിസുകളെക്കാൾ ആധികാരികവും മാതൃകാപരവുമായ ഒന്നാണ് ഈ പഠനം. മലയാളത്തിൽ ഇന്നു നടക്കുന്ന ഏറ്റവും മൗലികവും പ്രസക്തവുമായ ഗവേഷണം ഷിജു അലക്സിന്റെ ഡിജിറ്റൈസേഷൻ യത്നമാണെന്നു ഞാൻ പറയും.' കോട്ടയം സി.എം.എസ്. കോളജിലെ മലയാളവിഭാഗം അധ്യക്ഷനും മിഷനറിരേഖകളും ഗ്രന്ഥങ്ങളും ആനുകാലികങ്ങളും മുൻനിർത്തി നിരവധി പഠനങ്ങൾ നടത്തിയിട്ടുള്ള ഗവേഷകനുമായ ബാബു ചെറിയാൻ പറയുന്നു. മിഷനറിരേഖകൾ ഇന്ത്യക്കുള്ളിലും പുറത്തും നിന്നു കണ്ടെടുക്കാനും വിശകലനം ചെയ്യാനും ഷിജുവിനെ ഏറ്റവും കൂടുതൽ സഹായിച്ച വ്യക്തികളിലൊരാളും ബാബുചെറിയാനാണ്. 'റമ്പാൻ ബൈബിളും' 'ചെറുപൈതങ്ങളു'മൊക്കെ ഷിജു ഡിജിറ്റൈസ് ചെയ്ത് പൊതുസഞ്ചയത്തിലെത്തിച്ചതിനെക്കുറിച്ചു സൂചിപ്പിച്ചു. ബ്രിട്ടീഷ് ലൈബ്രറിയിൽനിന്ന് ബാബു ചെറിയാന് മൈക്രോ ഫിലിം രൂപത്തിൽ കിട്ടിയവയാണ് ഈ ഗ്രന്ഥങ്ങളൊക്കെ.

### മിഷനറി രേഖകൾ

ഷിജുവിന്റെ ഗവേഷണയത്നങ്ങളിൽ ഏറ്റവും മൗലികവും ശ്രദ്ധേയവും, സി.എം.എസ്. കോളജ് മുതൽ വിദേശരാജ്യങ്ങളിലെ ഗ്രന്ഥാലയങ്ങൾവരെ പരതി കണ്ടെത്തി ഡിജിറ്റൈസ് ചെയ്ത് ഇതാദ്യമായി പൊതുസഞ്ചയത്തിലെത്തിച്ച നൂറുകണക്കിന് മിഷനറിരേഖകളാണ്. ലോകത്തെവിടെനിന്നും പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിൽ മിഷനറിമാർ അയച്ച കത്തുകളും എഴുതിയ റിപ്പോർട്ടുകളും തയാറാക്കിയ കുറിപ്പുകളും ഉൾപ്പെടെയുള്ള ഈ രേഖകൾ നൽകുന്ന ജനസംസ്കാരത്തെക്കുറിച്ചുള്ള അനന്യമായ വിവരങ്ങൾ മുൻനിർത്തി ഇന്നോളം എഴുതപ്പെട്ട കേരളത്തിന്റെ കൊളോണിയൽ ചരിത്രങ്ങളെ എങ്ങനെയെല്ലാം നാം മാറ്റിയെഴുതേണ്ടിവരും?

സുനിൽ വി.എസ്., ബൈജുരാമകൃഷ്ണൻ തുടങ്ങിയ ഏതാനും സുഹൃത്തുക്കൾ ഷിജുവിന്റെ പ്രവർത്തനങ്ങൾക്ക് സാങ്കേതികവും സാമ്പത്തികവുമൊക്കെയായ സഹായങ്ങളുമായി സദാ കൂടെയുണ്ട്. 2015-ൽ കേരളപഠനകോൺഗ്രസിൽ സുനിലിനൊപ്പം ചേർന്ന് അവതരിപ്പിച്ച പ്രബന്ധത്തിൽ മലയാളത്തിലെ ഡിജിറ്റൈസേഷൻ ശ്രമങ്ങളുടെ നിലവിലുള്ള അവസ്ഥകളെക്കുറിച്ച് ഷിജു പറയുന്ന കാര്യങ്ങൾ ഏറെ പ്രസക്തമാണ്. പൊതുധനമുപയോഗിച്ച് പൊതുസ്ഥാപനങ്ങൾതന്നെ ഡിജിറ്റൈസ് ചെയ്തിട്ടും ഇവയൊന്നും പൊതുജനങ്ങൾക്കു ലഭ്യമാകുന്നില്ല. 'ഡിജിറ്റൈസ് ചെയ്ത പൊതുസഞ്ചയത്തിലുള്ള രേഖകൾ നിർബന്ധമായും പൊതുജനങ്ങൾക്കു ലഭ്യമാക്കിയിരിക്കണം എന്ന നയം നിയമംമൂലമോ മറ്റോ നടപ്പാക്കുക മാത്രമാണ് ഇതിനുള്ള പരിഹാരം. പകർപ്പവകാശ കാലാവധി കഴിഞ്ഞിട്ടില്ലാത്ത രേഖകൾമാത്രമേ ജനങ്ങൾക്കുപങ്കിടാതെ സൂക്ഷിക്കേണ്ടതുള്ളൂ. ബാക്കി എല്ലാ പൊതുസഞ്ചയരേഖകളും പൊതുവുപയോഗത്തിനായി നൽകണം. ഇതിന് യൂറോപ്യൻ യൂണിയന്റെ ഡിജിറ്റൽ ലൈബ്രറി നമുക്കു മാതൃകയായെടുക്കാം. പു

രാതനരേഖകൾ ശേഖരിക്കുന്നതിനും പങ്കിടുന്നതിനുമായി വിവിധ വെബ്സൈറ്റുകൾ നിലവിലുണ്ട്. ഗൂഗിൾ ബുക്സ് അവർ ഡിജിറ്റൈസ് ചെയ്യുന്ന രേഖകൾ http://books.google.com/ എന്ന സൈറ്റിൽ നൽകുന്നുണ്ട്. അതേസമയം ഏതൊരാൾക്കും രേഖകൾ അപ്‌ലോഡ് ചെയ്യാനും ആവശ്യംപോലെ തിരിച്ചെടുക്കാനും ആവശ്യമായ പേജുകളിലേക്കു റെഫർ ചെയ്യാനും സാധ്യമായ വെബ്സൈറ്റുകളും നിലവിലുണ്ട്. ഇതിലൊന്ന് വിക്കിമീഡിയ കോമൺസാണ്. പൊതുവേ പറഞ്ഞാൽ 1923-ന് മുൻപു പുറത്തിറങ്ങിയ രേഖകൾ pdf ഫോർമാറ്റിൽ നമുക്ക് ഇതിൽ അപ്‌ലോഡ് ചെയ്യാനാകും. മലയാളത്തിലെ വിക്കിഗ്രന്ഥശാല പോലുള്ള സംരംഭങ്ങളിലൂടെ ഈ രേഖകൾ പൊതുജനപങ്കാളിത്തത്തോടെ ടെക്സ്റ്റ് രൂപത്തിലേക്കു കൺവേർട്ട് ചെയ്യാനും സാധിക്കും. അമേരിക്കൻ നിയമങ്ങൾക്കനുസരിച്ച് പകർപ്പവകാശകാലാവധി തീർന്നെങ്കിൽ മാത്രമേ വിക്കിമീഡിയയിൽ അപ്‌ലോഡ് ചെയ്യാനാകൂ. ആർക്കൈവ്.ഓർഗ് ആണ് മറ്റൊന്ന്. സ്കാൻ ചെയ്തു പ്രോസസ് ചെയ്ത ചിത്രങ്ങളിൽ നിന്ന് pdf, epub, kindle ഫോർമാറ്റുകളിലുള്ള ഫയലുകൾ സ്വയം നിർമിക്കുന്ന ഈ സൈറ്റ്, പോസ്റ്റ് പ്രോസസിങ് ജോലികൾ ഏറെ ലഘൂകരിക്കുന്നു. നിലവിൽ ഈ രണ്ടു സൈറ്റുകൾ വിവരശേഖരണ കാര്യത്തിൽ നമ്മുടെ ആവശ്യങ്ങൾക്ക് ഒരു പരിധിവരെ പര്യാപ്തമാണ്. എന്നാൽ ഇന്ത്യൻ നിയമം അനുസരിച്ച് രചയിതാവു മരിച്ച് അറുപതു വർഷം കഴിഞ്ഞാലാണ് അവർ പ്രസിദ്ധീകരിച്ച രചനകൾ പൊതുസഞ്ചയത്തിൽ വരിക. അതിനാൽ ഇന്ത്യൻ നിയമം അനുസരിച്ച്, നിലവിൽ 1955 നു മുൻപു മരിച്ചവരുടെ 1955 നു മുൻപു പ്രസിദ്ധീകരിച്ച രചനകളൊക്കെ പൊതുസഞ്ചയത്തിൽ ആണ്. എന്നാൽ വിക്കിമീഡിയ, ആർക്കൈവ്.ഓർഗ് സെർവറുകൾ അമേരിക്കയിൽ ആയതിനാൽ നിയമം അനുസരിച്ച് 1922 നു ശേഷമുള്ള രേഖകൾ അപ്‌ലോഡ് ചെയ്യുന്നതു നിയമവിരുദ്ധമാണ്. അതിനാൽ 1923 മുതൽ 1954 വരെയുള്ള രേഖകൾ ശേഖരിക്കാൻ ഇന്ത്യൻ നിയമം അനുസരിക്കുന്ന ഒരു ഇന്ത്യൻ സർവർ കൂടി ഉള്ളതു നല്ലതാണ്. മലയാള പുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നം പരിഹരിക്കാൻ ഇപ്പോൾ 'സായാഹ്ന' മുൻപോട്ട് വന്നിട്ടുണ്ട്. തിരുവനന്തപുരം സർവർ ആണ് ഇക്കാര്യങ്ങൾക്ക് ഉപയോഗിക്കുന്നത് (ഈ പ്രബന്ധം പൂർണരൂപത്തിൽ വായിക്കാൻ ഷിജുവിന്റെ ബ്ലോഗ് (http:shijualex.in) സന്ദർശിക്കുക - 2015 ഓഗസ്റ്റ് 30ന്റെ പോസ്റ്റ്).

**മതസ്ഥാപനങ്ങളിലും കലാലയങ്ങളിലും പൊതുഗ്രന്ഥാലയങ്ങളിലും ആർക്കൈവുകളിലും സ്വകാര്യശേഖരങ്ങളിലുമായി സമാഹരിക്കപ്പെട്ടിട്ടുള്ള നൂറ്റാണ്ടുകൾ പഴക്കമുള്ള ആയിരക്കണക്കായ ചരിത്രരേഖകൾ ചിതലരിച്ചും പൊടിഞ്ഞും നശിക്കാതെ ഭാവിക്കുവേണ്ടി സംരക്ഷിക്കാൻ മലയാളത്തിൽ ഇന്നോളമുണ്ടായ ഏറ്റവും മികച്ച ശ്രമമാണ് ഷിജുവിന്റേത്.**

എങ്കിലും തന്റെ ചില ശ്രമങ്ങൾ വേണ്ടത്ര ഫലം കാണാതെ പോകുമോ എന്ന ആശങ്കയും ഷിജുവിനുണ്ട്. 2013-ൽ ഷിജു നൽകിയ പ്രൊജക്ട് റിപ്പോർട്ട് മുൻനിർത്തിയാണ് ജർമനിയിലെ ട്യൂബിംഗ്ടൺ സർവകലാശാല ലൈബ്രറി ഹെർമൻ ഗുണ്ടർട്ട് എഴുതിയും ശേഖരിച്ചും വച്ചിട്ടുള്ള ബൃഹത്തായ ഗ്രന്ഥസമുച്ചയം ഡിജിറ്റൈസ് ചെയ്യുന്നത്. ഇരുനൂറോളം ഗ്രന്ഥങ്ങൾ. നാൽപത്തയ്യായിരത്തോളം പുറങ്ങൾ. 2013-ൽ തന്നെ സ്കൂൾ വിദ്യാർഥികളുടെ സേവനമുപയോഗപ്പെടുത്തി ഗുണ്ടർട്ടിന്റെ ഒരായിരം പഴംചൊൽ യൂണികോഡിലാക്കിക്കഴിഞ്ഞു. ഇതിന്റെ തുടർച്ചയാണ് ഗുണ്ടർട്ട് ലഗസി പ്രൊജക്ടിൽ ഉണ്ടാകേണ്ടത്.

അടിയന്തരമായി അവസാനിപ്പിക്കേണ്ട ഒരു ഭരണകൂടധൂർത്തും ഷിജു ചൂണ്ടിക്കാണിക്കുന്നു. ഡിജിറ്റൈസേഷന്റെ പേരിൽ നടക്കുന്ന പല അസംബന്ധങ്ങളിലൊന്നാണിത്. ഒരേ പുസ്തകംതന്നെ മൂന്നും നാലും സ്ഥലത്ത് ഒരേസമയം ഡിജിറ്റൈസ് ചെയ്യപ്പെടുന്ന അവസ്ഥ നിലവിലുണ്ട്. കേരളത്തിലെ പൊതുസ്ഥാപനങ്ങളെങ്കിലും ഡിജിറ്റൈസേഷൻ ഏകോപിപ്പിക്കേണ്ടതിന്റെ അനിവാര്യതയിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. ഒപ്പം, കാലഹരണപ്പെട്ട സാങ്കേതികവിദ്യകൾ, ഭാഷാ-ലിപി നിലപാടുകൾ ഒക്കെ ഇക്കൂട്ടർ കയ്യൊഴിയുകയും വേണം.

മലയാളത്തിൽ നിലവിലുള്ള ഡിജിറ്റൽ സാങ്കേതികതയിൽ ഷിജു തൃപ്തനാണോ? ആദ്യപടിയെന്ന നിലയിൽ ഇപ്പോഴുള്ള സ്കാനിങ്-പ്രോസസിങ് രീതിയിലൂടെ ഒരു ഡിജിറ്റൽ ആർക്കൈവ് ഉണ്ടാക്കുന്നതിന്റെ പ്രസക്തി ചെറുതല്ല. തുടർന്നങ്ങോട്ട് രണ്ടു സാധ്യതകളാണുള്ളത്. ഒന്നുകിൽ യൂണികോഡിൽ ഡി.ടി.പി. ചെയ്ത് ഇ-ബുക് നിർമാണത്തിലേക്കു നീങ്ങുക. അല്ലെങ്കിൽ മലയാളത്തിന് ഒരു ഒ.സി.ആർ. വികസിപ്പിച്ചെടുത്ത് ഇംഗ്ലിഷിനും മറ്റും സാധ്യമാകുന്നതുപോലെ ടെക്സ്റ്റുകൾ നേരിട്ട് ഇ-ബുക്ക് ആക്കി മാറ്റുക.

ഇന്ത്യയിലും വിദേശത്തുമായി ശ്രദ്ധേയമായ നിരവധി ഡിജിറ്റൈസേഷൻ പ്രൊജക്ടുകൾ ഇന്നു നിലവിലുണ്ട്. മിക്ക സർവകലാശാലകളിലും ഈ പ്രക്രിയ തുടർച്ചയായി നടക്കുന്നു. ട്യൂബിംഗ്ടണിലെ ഗുണ്ടർട്ട് ഡിജിറ്റൈസേഷനെക്കുറിച്ചു പറഞ്ഞു. 'ഇന്ത്യൻ അച്ചടിയുടെ രണ്ടു നൂറ്റാണ്ട് - 1817-2017' എന്ന പേരിൽ ബ്രിട്ടീഷ് ലൈബ്രറി ഏറ്റെടുത്തിട്ടുള്ള പദ്ധതിയിൽ ഇരുപത്തിരണ്ടു ഭാഷകളിൽനിന്നുള്ള പതിനായിരക്കണക്കിനു പുസ്തകങ്ങളാണ് ഡിജിറ്റൈസ് ചെയ്യുന്നത്.

യഥാർഥത്തിൽ നമ്മുടെ സർവകലാശാലകളും സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും ആർക്കൈവുകളും ഏറ്റെടുത്തു നടപ്പാക്കേണ്ട ഒരു മഹായത്നത്തിന്റെ വിത്തുകളാണ് ഷിജു അലക്സ് വിതച്ചിടുന്നത്. ഒരു വ്യക്തിയുടെ ബ്ലോഗ് പേജുകളും ഫേസ്ബുക് പോസ്റ്റുകളും മറികടന്ന് ഒരു നാടിന്റെ സാംസ്കാരിക ശൃംഖലയായി വളരേണ്ട ഒന്ന്. അക്ഷരങ്ങൾക്കൊപ്പം ശബ്ദവും ദൃശ്യവുമുൾപ്പെടെയുള്ളവയെല്ലാം ചേർന്ന് ഡിജിറ്റൽ സാങ്കേതികതയുടെ സമന്വയ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തുന്ന ഒരു മൾട്ടിമീഡിയാ ഡിജിറ്റൽ ലൈബ്രറിയായി മലയാളത്തിന്റെ സാംസ്കാരിക പൊതുമണ്ഡലത്തിൽ ഇതു സഞ്ചയിക്കപ്പെടണം. പത്തൊൻപതാം നൂറ്റാണ്ടിൽ പബ്ലിക് ലൈബ്രറികൾ ലക്ഷ്യമിട്ട അറിവിന്റെ ജനാധിപത്യവൽക്കരണം ഏറിയകൂറും സഫലമാകാതെപോയി. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ അതു സഫലമാക്കാൻ പ്രൊജക്ട് ഗുട്ടൻബർഗിനു കഴിഞ്ഞേക്കും. ഇതിനു പശ്ചാത്തലമായി സമാനഹൃദയരായ ഒരുപാടാളുകളുടെ സംയുക്ത ശ്രമത്തിലൂടെ മലയാളത്തിന്റെ ഒരു ഡിജിറ്റൽ പൊതുസഞ്ചയനിർമിതി സാക്ഷാത്കരിക്കപ്പെടണം. ഷിജു അലക്സിന്റെ ശ്രമങ്ങൾ മലയാളത്തിൽ അതിലേക്കുള്ള സാർഥകമായ ആദ്യചുവടുവയ്പാണ്. (ഒറ്റയ്ക്കും കൂട്ടായും ഷിജു അലക്സ് കണ്ടെത്തിയും ഡിജിറ്റൈസ് ചെയ്തും പൊതുസഞ്ചയത്തിലെത്തിച്ച രേഖകളുടെ പൂർണരൂപം മനസ്സിലാക്കാൻ ഷിജുവിന്റെ ബ്ലോഗ് സന്ദർശിക്കുക. 'ഹൃദയത്തിന്റെ നിറവിൽ നിന്നുത്ഭവിക്കുന്ന വാക്കുകളുടെ ഒഴുക്ക്' കാണാം.) ●